# ഉപഭോക്തൃ സങ്കട പരിഹാര ഫോറം

**വൈദ്യുതി വിഭാഗം, തൃശ്ശൂർ കോർപ്പറേഷൻ**

**തൃശ്ശൂർ - 680 001.**

നമ്പർ : CGRF – 4207/25 തിയ്യതി : 20.06.2025

**ഹാജർ**

ടി. എസ്. ജോസ് - ചെയർപേഴ്സൺ

കെ.വിനുകൃഷ്ണൻ - മെമ്പർ

അഡ്വ. അസിയ.പി.കെ - മെമ്പർ

ഡോ. സുനിൽ ജോസ്. ടി.
തേറാട്ടിൽ കുര്യൻ ഹൗസ്
ബിഗ് ബസാർ
അരണാട്ടുകര
തൃശ്ശൂർ - 680 618.

പരാതിക്കാരൻ

ലൈസൻസിയ്ക്കു വേണ്ടി
അസിസ്റ്റന്റ് സെക്രട്ടറി,
വൈദ്യുതി വിഭാഗം
തൃശ്ശൂർ കോർപ്പറേഷൻ
തൃശ്ശൂർ - 680 001.

എതിർകക്ഷി

**പരാതിയുടെ സംക്ഷിപ്ത രൂപം :**

കൺസ്യൂമർ നമ്പർ : 13229 എന്ന കണക്ഷനിലെ ബില്ലുകൾ സ്ഥിരമായി ഓൺലൈൻ വഴിയാണ് അടവാക്കുന്നത്. ടി.സി.ഇ.ഡി. യിൽ ബില്ലുകൾ അടയ്ക്കുന്നതിന് കൺസ്യൂമർ നമ്പറിനൊപ്പം ബിൽ നമ്പറും ആവശ്യമായി വരുന്നതിനാൽ ബിൽ നഷ്ടപ്പെടുന്ന അവസങ്ങളിൽ ബിൽ അടവാക്കുന്നതിന് നേരിട്ട് വൈദ്യുതി വിഭാഗത്തിൽ എത്തേണ്ടതായി വരുന്നു. ആയതിനാൽ നിലവിലെ രീതി മാറ്റുന്നതിനുള്ള ക്രമീകരണങ്ങൾ വരുത്തുന്നത് സംബന്ധിച്ച്.

**ഫോറത്തിൻെറ നടപടികൾ :**

17.06.2025 ന് ഫോറം പരാതി ഫയലിൽ സ്വീകരിച്ചു. അന്നേ ദിവസത്തെ, ഫോറത്തിൻെറ സിറ്റിങ്ങിൽ പരാതി പരിശോധിച്ചു.

**ഫോറത്തിൻെറ നിഗമനം :**

ഓൺലൈൻ വഴി ബില്ല് അടവാക്കാൻ ശ്രമിക്കുന്ന ഉപഭോക്താക്കൾ ക്വിക്ക് പേമെന്റ് എന്ന ഓപ്ഷൻ ഉപയോഗിക്കുമ്പോഴാണ് ബിൽ നമ്പർ ആവശ്യമായി വരുന്നത്. പകരം ഐ.ഡി., പാസ് വേഡ് എന്നിവ രൂപീകരിച്ച് രജിസ്ട്രേഡ് യൂസർ ആയി ബിൽ അടവാക്കുന്നതിന് കൺസ്യൂമർ

നമ്പർ മാത്രം നൽകിയാൽ മതി. ഈ സംവിധാനം ഭൂരിപക്ഷം ഉപഭോക്താക്കളും ഉപയോഗപ്പെടുത്തുന്നില്ല.

**ഉത്തരവ് നടപടികൾ :**

ടി.സി.ഇ.ഡി. യുടെ പണമടയ്ക്കുന്നതിനായുള്ള ഓൺലൈൻ സംവിധാനത്തിൽ, രജിസ്റ്റർ ചെയ്ത് രജിസ്ട്രേഡ് യൂസർ ആയി പണമടക്കാൻ സാധിക്കുന്ന വിവരം കൺസ്യൂമറെ അറിയിക്കുന്നതിനും ഇത്തരത്തിൽ പണമടയ്ക്കാൻ സാധ്യമാണെന്ന് വ്യാപകമായി ഉപഭോക്താക്കളെ അറിയിക്കുന്നതിനും ബില്ലിനോടൊപ്പം ഈ വിവരങ്ങൾ ചേർക്കുന്നതിനുമായി ലൈസൻസിയെ ചുമതലപ്പെടുത്തി ഉത്തരവാകുന്നു.

| | | |
|---|---|---|
| **അഡ്വ. അസിയ.പി.കെ** | **വിനുകൃഷ്ണൻ.കെ** | **ടി.എസ്. ജോസ്** |
| മെമ്പർ | മെമ്പർ | ചെയർപേഴ്സൺ |